പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2557 — 18-07-2011 ൽ മറുപടിയ്ക്ക്

# വൈപ്പിൻകരയിലെ പൊക്കാളികൃഷി

ചോദ്യം
ശ്രീ.എസ്.ശർമ്മ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) വൈപ്പിൻകരയിലെ പൊക്കാളി കൃഷിയുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(എ) വൈപ്പിൻകരയിലെ പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

1. പെട്ടി, പറ
   കുഴുപ്പിള്ളി പഞ്ചായത്തിലെ പുത്തൻപാടത്തിന് 50 HP-ടെ പെട്ടി-പറ-2 എണ്ണവും അരങ്ങിൽ പാടശേഖരത്തിന് 40 HP-ടെ പെട്ടി-പറ ഒരെണ്ണവും നൽകിയിട്ടുണ്ട്
2. ഡീസൽ എഞ്ചിൻ + മോട്ടോർ
   എടവനക്കാട് പഞ്ചായത്തിലെ താമരവട്ടം പാടത്തിന് 5 HP -ടെ ഒന്നും താമരവട്ടം വടക്കുംപാടത്ത് 10 HP -ടെ 2 മോട്ടോറും വടക്കുംഭാഗം പാടത്ത് 10 HP -ടെ 3 മോട്ടോറും പള്ളിപ്പുറം പഞ്ചായത്തിലെ മിച്ചഭൂമി പാടത്തിന് 10 HP -ടെ ഒരു മോട്ടോറും വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.
3. സ്ലൂയിസ്
   നായരമ്പലം പഞ്ചായത്തിൽ 12 എണ്ണം വീതവും എടവനക്കാട് പഞ്ചായത്തിൽ 8 എണ്ണം വീതവും കുഴുപ്പിള്ളി പഞ്ചായത്തിൽ ഒരെണ്ണവും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി.
   കൂടാതെ നായരമ്പലം പഞ്ചായത്തിൽ ഒരു സീഡ് സ്റ്റോർ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
4. ഗാർഡൻ ടില്ലർ
   കുഴുപ്പിള്ളി പഞ്ചായത്തിലെ അയ്യമ്പിള്ളി കിഴക്കേപാടത്തിനും അരങ്ങിൽപാടത്തിനും ഓരോ ഗാർഡൻ ടില്ലർ വീതം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ